തുടർന്ന് 7-5-2014-ലെ 13087/ഇ 2/2012/നിവ. നമ്പർ സർക്കുലർ മുഖേന ഇപ്രകാരമുള്ള റവന്യൂ നഷ്ടം തടയുന്നതിനായി എല്ലാ വകുപ്പുകൾക്കും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, 2014-ലെ ഫിനാൻസ് ആക്ട് മുഖേന, 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട് ATM, മൊബൈൽ ടവർ ഇവ സ്ഥാപിക്കുന്നതിനുള്ള കരാറുകൾക്ക് പ്രത്യേകമായി മുദ്ര നിരക്ക് ഏർപ്പെടുത്തുകയും ചെയ്തു. ഇപ്പോൾ ടി കരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. ആയതിനാൽ ടി ഇനത്തിൽ ഇപ്പോൾ റവന്യൂ നഷ്ടം സംഭവിക്കുന്നില്ല.

അന്തിക്കാട് രജിസ്ട്രാർ ഓഫീസ്

217 (4849) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ അന്തിക്കാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം കാലഹരണപ്പെട്ട് ചോർന്നൊലിക്കുന്ന അവസ്ഥയിലായതിനാൽ പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി വിശദമായ പ്ലാനും എസ്റ്റിമേറ്റും സഹിതമുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച്, ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഭരണാനുമതി നൽകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് നികുതി പരിധി

218 (4850) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് നികുതി പരിധി എടുത്തു കളഞ്ഞതു വഴി സ്റ്റാംപ് ഡ്യൂട്ടി ഇനത്തിൽ വൻതുക നൽകേണ്ടി വരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly